**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **14-01-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ പഞ്ചായത്തുകളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ സൗത്ത്, മാട്ടൂൽ സെൻട്രൽ, വാവ്വുവളപ്പിൽ തോട്, കക്കാടൻചാൽ എന്നിവിടങ്ങളിലും മാടായി പഞ്ചായത്തിലെ നീരൊഴുക്കുംചാൽ, പുതിയങ്ങാടി എന്നീ മേഖലകളിലും (ആകെ 2820 മി. ദൈർഘ്യത്തിൽ) കടൽഭിത്തി പുനരുദ്ധാരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 16 കോടി രൂപയുടെ പ്രവൃത്തിക്ക് 15.70 കോടി രൂപയുടെ സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ടെണ്ടർ നടപടി സ്വീകരിക്കുകയും, കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | കടൽഭിത്തി നിർമ്മിക്കുന്നതിന് 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 16 കോടി രൂപയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ സൗത്ത്, മാട്ടൂൽ സെൻട്രൽ, വാവ്വുവളപ്പിൽ തോട്, കക്കാടൻചാൽ എന്നിവിടങ്ങളിലും മാടായി പഞ്ചായത്തിലെ നീരൊഴുക്കുംചാൽ, പുതിയങ്ങാടി എന്നീ മേഖലകളിലും (ആകെ 2820 മി. ദൈർഘ്യത്തിൽ) കടൽഭിത്തി പുനരുദ്ധാരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 16 കോടി രൂപയുടെ പ്രവൃത്തിക്ക് 15.70 കോടി രൂപയുടെ സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ടെണ്ടർ നടപടി സ്വീകരിക്കുകയും, കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (സി) | ആയതിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നിലവിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന വിശദാംശം നൽകാമോ? | (സി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ സൗത്ത്, മാട്ടൂൽ സെൻട്രൽ, വാവുവളപ്പിൽ തോട്, കക്കാടൻചാൽ എന്നിവിടങ്ങളിലും മാടായി പഞ്ചായത്തിലെ നീരൊഴുക്കുംചാൽ, പുതിയങ്ങാടി മേഖല കളിലുമായി ആകെ 2820 മീ. ദൈർഘ്യത്തിൽ കരിങ്കൽ ഉപയോഗിച്ച് കടൽഭിത്തി പുനരുദ്ധാരണത്തിനാണ് പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ